I/383601/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

DT/2926/2023-H2 തീയതി: 16-06-2023

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ്- ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കേണ്ട വിധം – പുതുക്കിയ നിർദ്ദേശങ്ങൾ.

സൂചന:- 1.ഈ ആഫീസിലെ 01/11/97 ലെ എച്ച്4/1580/97 നമ്പർ സർക്കുലർ.
2.ഈ ആഫീസിലെ 10/12/2003 ലെ എച്ച്2/25010/2003 നമ്പർ സർക്കുലർ.
3 . ഈ ആഫീസിലെ എച്ച്3/15105/07 നമ്പരായ 28/07/07 തീയതിയായ സർക്കുലർ.
4.ഈ ആഫീസിലെ എച്ച്4/32926/11 നമ്പരായ 27/06/11 തീയതിയായ സർക്കുലർ.

ഈ വകുപ്പിൽ നിന്ന് നൽകുന്ന പ്രൊവിഷണൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ, സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റുകൾ, മറ്റു സർട്ടിഫിക്കറ്റുകൾ (റ്റി.സി ഒഴികെ) നഷ്ടപ്പെടുകയോ, ഭാഗികമായോ പൂർണ്ണമായോ നശിച്ചു പോവുകയോ ചെയ്താൽ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നിലവിൽ ഉണ്ടെങ്കിലും ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരും, ട്രെയിനിംഗ് ഓഫീസർമാരും ആയത് ശരിയായി പാലിക്കാത്തതിനാൽ അപേക്ഷകൾ നിരസിക്കേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇതൊഴിവാക്കുന്നതിന് ഇനി പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ് .

1. അപേക്ഷകൾ ട്രെയിനിംഗ് പൂർത്തിയാക്കിയ സ്ഥാപന മേധാവികൾ മുഖേന മാത്രമേ ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിക്കാവൂ.
2. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൻ റെ (Appendix-II) കൂടെ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

a. സർട്ടിഫിക്കറ്റ് മോഷണം പോയതോ യാത്രക്കിടയിൽ നഷ്ടപ്പെട്ടതോ ആണെങ്കിൽ ഉടൻ തന്നെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ച് ഈ വിഷയത്തിലുള്ള FIR.
b. നഷ്ടപ്പെട്ട സർട്ടിഫിക്കറ്റ് തിരിച്ചു കിട്ടുന്നതിനായി പത്രങ്ങളിൽ പരസ്യം നൽകിയതിൻറെ (പത്രപ്പരസ്യത്തിൻറെ) അസ്സൽ.
c. പത്രപ്പരസ്യം നൽകിയതിനു ശേഷം ഒരു മാസം കഴിഞ്ഞ്, സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്ത

വിധം നഷ്ടപ്പെട്ടതാണ് എന്ന സത്യവാങ്മൂലം (100 രൂപ) മുദ്രപ്പത്രത്തിൽ നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തിയത്. (മുദ്രപ്പത്രത്തിൻറെ വില അതാത് സമയത്തെ സർക്കാർ ഉത്തരവിന് വിധേയമായിരിക്കും).

d. നിശ്ചിത ഫീസ് ട്രഷറിയിൽ ഒടുക്കിയതിൻറെ ഒറിജിനൽ ചെലാൻ രസീത്.

പ്രകൃതിക്ഷോഭം, തീ പിടുത്തം എന്നിവ മുഖേനയാണ് സർട്ടിഫിക്കറ്റ് നഷ്ടപ്പെടുന്നതെങ്കിൽ പോലീസിൽ നിന്നുള്ള സർട്ടിഫിക്കറ്റിനു പകരം റവന്യൂ അധികാരികളിൽ നിന്നുള്ള (തഹസീൽദാർ) സാക്ഷ്യപത്രമാണ് ഹാജരാക്കേണ്ടത്.

അപേക്ഷയോടൊപ്പം ഹാജരാക്കുന്ന എല്ലാ രേഖകളിലും **നഷ്ടപ്പെട്ടുപോയ സർട്ടിഫിക്കറ്റിൻറെ ക്രമ നമ്പർ** രേഖപ്പെടുത്തേണ്ടതാണ്.

ഭാഗികമായി നഷ്ടപ്പെട്ടുപോയ സർട്ടിഫിക്കറ്റിന് പകരം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുമ്പോൾ പോലീസിൽ നിന്നുള്ള അന്വേഷണ റിപ്പോർട്ടോ (FIR), അഫിഡവിറ്റോ ആവശ്യമില്ല. 110/- രൂപയുടെ ചെലാൻ ഒടുക്കിയ റസീത്, ഭാഗികമായി നശിച്ച സർട്ടിഫിക്കറ്റിൻറെ ബാക്കി എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

തിരിച്ച് കിട്ടാത്ത വിധം പൂർണ്ണമായും സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയാണെങ്കിൽ അപേക്ഷയോടൊപ്പം, e-NTC/NAC ആണെങ്കിൽ 220/- രൂപയും, മറ്റ് സർട്ടിഫിക്കറ്റുകൾക്ക് (PNTC/ PNAC/ STC/ PSTC ) 110/- രൂപയും ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾക്കുള്ള തുക ചെലാൻ മുഖേന ഒടുക്കേണ്ട ശീർഷകം താഴെപ്പറയുന്നു.

"0230-Labour and Employment-00-800-Other receipt-88-Other Items"

അപൂർണ്ണവും ആവശ്യമായ എല്ലാ രേഖകളുമില്ലാത്തവയുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷ (Appendix-II) ബന്ധപ്പെട്ട സ്ഥാപന മേധാവി നിർബന്ധമായും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സെക്രട്ടറി

സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ/ബി.റ്റി.സി/
എ.വി.റ്റി.എസ് പ്രിൻസിപ്പാൾമാർക്കും
ട്രെയിനിംഗ് ഓഫീസർമാർക്കും
ജോയിൻറ് ഡയറക്ടർ, റീജണൽ ഡയറക്ടറേറ്റ്
സ്പെഷ്യൽ ഓഫീസർ, എസ്.റ്റി.ഐ, കഴക്കൂട്ടം
(വെബ്സൈറ്റ് മുഖേന)

പകർപ്പ് :- എ.ഡി.റ്റി /ഡി.ഡി.റ്റി/റ്റി.റ്റി.ഓ/എസ്.എസ് (എച്ച്)
എച്ച് 1 /എച്ച് 2 /എച്ച് 3/എച്ച്4